# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ജാഫർ മലിക് ഐ.എ.എസ്)

തിരുവനന്തപുരം.

ഉത്തരവ് നം.ഇ5-11237/2017 തീയതി.16.03.2019.

---

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. അമ്പിളി പൊന്നപ്പൻ, ടൈപ്പിസ്റ്റിന്റെ രാജി അംഗീകരിച്ച് സേവനം അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. പാമ്പാക്കട ശിശുവികസന പദ്ധതി ഓഫീസറുടെ 30.01.2017 ലെ കത്ത് നം.532/16 .
2. 12.07.2017 ൽ ശ്രീമതി. അമ്പിളി പൊന്നപ്പനെതിരെ പുറപ്പെടുവിച്ച ഇതേ നം. കുറ്റപത്രം.
3. 28.05.2017 ൽ കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകിയ ഇതേ നം. കത്ത്.
4. ശ്രീമതി. അമ്പിളി പൊന്നപ്പൻ സമർപ്പിച്ച 29.07.2018 ലെ കത്തും, രാജി അപേക്ഷയും.
5. പാമ്പാക്കട ശിശുവികസന പദ്ധതി ഓഫീസറുടെ 13.03.2019 ലെ ICDS/PKDA/532/2016 നം. കത്ത്.

പാമ്പാക്കട ഐ.സി.ഡി.എസ് പ്രോജക്ടിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച വരവെ, ശ്രീമതി. അമ്പിളി പൊന്നപ്പൻ 13.01.2017 മുതൽ അനധികൃമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയാണെന്ന് പരാമർശം (1) പ്രകാരം പാമ്പാക്കട ശിശുവികസന പദ്ധതി ഓഫീസർ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകുകയുണ്ടായി. ഈ ജീവനക്കാരി ഇതിനു മുമ്പ് ജോലിയ്ക്ക് ഹാജരാകാതിരുന്ന 01.04.2015 മുതൽ 20.10.2015 വരെയും, 19.11.2015 മുതൽ 18.12.2016 വരെയുമുള്ള കാലയളവുകൾ ക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്ന വേളയിലാണ് 13.01.2017 മുതൽ അനധികൃതമായി വീണ്ടും ജോലിയ്ക്ക് ഹാജരാകാതിരുന്നത്.

2. പരാമർശം (2) പ്രകാരം നൽകിയിരുന്ന കുറ്റപത്രത്തിന്റെ കൈപ്പറ്റ് അറിയിപ്പും, ജീവനക്കാരിയുടെ പ്രതിവാദപത്രികയും യഥാസമയം ലഭിക്കാത്തതിനെത്തുടർന്ന് പരാമർശം (3) പ്രകാരം കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന പരാമർശം (2) ലെ കുറ്റപത്രം ജീവനക്കാരിക്ക് ഒരിക്കൽ കൂടി അയച്ചുനൽകുകയുണ്ടായി. പ്രസ്തുത കുറ്റപത്രം 29.07.2018 – ൽ ശ്രീമതി. അമ്പിളി പൊന്നപ്പൻ കൈപ്പറ്റുകയും, പ്രസ്തുത കൈപ്പറ്റ് കോപ്പിയോടൊപ്പം വ്യക്തിപരമായ കാരണങ്ങളാൽ തനിക്ക് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കാൻ സാധിക്കാത്തതിനാൽ ഈ തസ്തികയിൽ നിന്ന് രാജി വയ്ക്കുന്നതായുള്ള 29.07.2018 തീയതി വച്ച രാജി അപേക്ഷയും പരാമർശം (4) പ്രകാരം സമർപ്പിക്കുകയുണ്ടായി. കുറ്റപത്രത്തിന്റെ കൈപ്പറ്റ് കോപ്പിയും തന്റെ രാജിക്കത്തും 02.08.2017 – ൽ തന്നെ സാമൂഹ്യനീതി ഡയറക്ടർക്ക് അയച്ചിരുന്നതായും, ജീവനക്കാരി ബോധിപ്പിക്കുകയുണ്ടായി.

3. ജീവനക്കാരി സമർപ്പിച്ച രാജി അപേക്ഷ വിശദമായി പരിശോധിച്ചു. നിരന്തരം അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന ശ്രീമതി. അമ്പിളി പൊന്നപ്പന്റെ നടപടി ഒരു സർക്കാർ ജീവനക്കാരിക്ക് നിരക്കുന്നതല്ല എന്ന വിലയിരുത്തലിന്റെയും, സ്വന്തം സൗകര്യാർത്ഥം മാത്രം ജോലിയ്ക്ക് ഹാജരാകുന്ന ശ്രീമതി. അമ്പിളി പൊന്നപ്പൻ സർക്കാർ സർവ്വീസിൽ തുടരുന്നതിനും യോഗ്യയല്ല എന്ന വിലയിരുത്തിരത്തലിന്റെയും അടിസ്ഥാനത്തിൽ ജീവനക്കാരി സമർപ്പിച്ച പരാമർശം (4) ലെ രാജി അപേക്ഷ അംഗീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. പരാമർശം (5) പ്രകാരം ശ്രീമതി. അമ്പിളി പൊന്നപ്പന്റെ പേരിൽ സർക്കാരിലേയ്ക്ക് ബാധ്യതകളൊന്നുമില്ലെന്ന് ശിശുവികസന പദ്ധതി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ഈ സാഹചര്യത്തിൽ ശ്രീമതി. അമ്പിളി പൊന്നപ്പൻ, എൽ.ഡി. ടൈപ്പിസ്റ്റിന്റെ രാജി അപേക്ഷ കെ.എസ്.ആർ ഭാഗം 1, ചട്ടം 23 പ്രകാരം 13.01.2017 തീയതി പ്രാബല്യത്തിൽ അംഗീകരിച്ച് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ കേരള സർക്കാർ സർവ്വീസിലെ സേവനം 13.01.2017 പ്രാബല്യത്തിൽ അവസാനിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ജീവനക്കാരിയ്ക്കെതിരെ സ്വീകരിച്ചുവന്നിരുന്ന അച്ചടക്ക നടപടികൾ ഈ ഉത്തരവിലൂടെ അവസാനിപ്പിച്ചിരിക്കുന്നു.

5. ശ്രീമതി. അമ്പിളി പൊന്നപ്പന്റെ സേവനം 13.01.2017 തീയതി പ്രാബല്യത്തിൽ അവസാനിപ്പിച്ച വിവരം പാമ്പാക്കട ശിശുവികസന പദ്ധതി ഓഫീസർ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ശ്രീമതി. അമ്പിളി പൊന്നപ്പൻ,
കുറ്റാരപ്പള്ളിൽ വീട്, കലത്തൂർ പി.ഒ, ---രജി. വിത്ത് എ.ഡി
കാണക്കാരി, കോട്ടയം.

പകർപ്പ്:-
1. ശിശുവികസന പദ്ധതി ഓഫീസർ, പാമ്പാക്കട.
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ, എറണാകുളം
3. ഇ6-സീറ്റ് (തുടർ നടപടികൾക്കായി)
4. ഡയറക്ടറുടെ സി.എ
5. മാസ്റ്റർ/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്